സംസ്ഥാന പ്രോജക്ട് ഡയറക്ടറുടെ കാര്യാലയം
**സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ)**
എസ്.എസ്.എ. ഭവൻ, നന്ദാവനം, തിരുവനന്തപുരം 695 033
ഫോൺ : 0471-2320826, 2320352, 2320703. ഇ-മെയിൽ: ssakerala@gmail.com

നം. പി.4/6584/2022/എസ്.എസ്.കെ                                   തീയതി: 24/11/2022

പ്രേഷകൻ

സ്റ്റേറ്റ് പ്രോജക്ട്ഡയറക്ടർ
സമഗ്ര ശിക്ഷാകേരളം.

സ്വീകർത്താവ്

കമ്മീഷണർ, ഭിന്നശേഷിവകുപ്പ്, സംസ്ഥാനസർക്കാർ

സർ,

വിഷയം:-സമഗ്രശിക്ഷാകേരളം 2022-23- ലോക ഭിന്ന ശേഷിദിനാചരണത്തോട് അനുബന്ധിച്ച് സമഗ്ര ശിക്ഷാ കേരളം (എസ്.എസ്.കെ.)സംഘടിപ്പിക്കുന്ന ഷോർട്ട് ഫലിം ഫെസ്റ്റിവലിലേക്ക് എൻട്രികൾ ക്ഷണിക്കുന്ന വിവരവും പ്രചരണത്തിനാവശ്യമായ സഹകരണവും- സംബന്ധിച്ച്

ഭിന്നശേഷി സൗഹൃദസമൂഹം എന്ന ലക്ഷ്യത്തിലേക്ക് ഇനിയും നാം സഞ്ചരിക്കേണ്ടതുണ്ട്. ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട നിരവധി പ്രവർത്തനങ്ങൾ സമഗ്ര ശിക്ഷാ കേരള ഏറ്റെടുത്ത് നടപ്പാക്കുന്നുണ്ട്. പ്രത്യേക പരിഗണന ആവശ്യമായ കുട്ടികളുടെ വിദ്യാഭ്യാസവും മെച്ചപ്പെട്ട ജീവിതവും ഉറപ്പാക്കുക എന്നത് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഭാഗമായ സമഗ്ര ശിക്ഷാ കേരളയുടെ പ്രവർത്തന ലക്ഷ്യങ്ങളിൽ പ്രധാനമാണ്. ഭൗതികമായ സംവിധാനങ്ങൾ വികസിപ്പിക്കുന്നതോടൊപ്പം തന്നെ സമൂഹത്തിന്റെ കാഴ്ചപ്പാടുകളിലും മാറ്റങ്ങളുണ്ടായാൽ മാത്രമേ ലക്ഷ്യ സാക്ഷാൽക്കാരം പൂർണമാവുകയുള്ളൂ.

ഡിസംബർ 3 ലോക ഭിന്നശേഷി ദിനമാണ്. ഇതോടനുബന്ധിച്ച് നിരവധി പരിപാടികൾ എസ്.എസ്.കെ ആസൂത്രണം ചെയ്തിട്ടുണ്ട്. പരസ്പര പിന്തുണയിലൂടെയും പങ്കുവയ്ക്കലുകളിലൂടെയും ഭിന്നശേഷിയുള്ളവരുടെ ജീവിതം അർത്ഥപൂർണ്ണവും ആനന്ദകരവുമാകേണ്ടതുണ്ട്. പരിമിതികൾ കൂട്ടായി മറികടക്കുക എന്നത് എല്ലാവരെയും ഉൾക്കൊള്ളുക എന്നതിന് അനിവാര്യമാണ്. പൊതുസമൂഹം പൂർണ്ണമായും ഈ ആശയം ഉൾക്കൊണ്ട് മുന്നോട്ട് വരുമ്പോൾ മാത്രമാണ് ഭിന്നശേഷി സൗഹൃദസമൂഹം സാർത്ഥകമാകുന്നത്. ഈ ദിശയിൽ വ്യാപകമായ സാമൂഹ്യ ബോധവൽക്കരണ പരിപാടികൾ നടക്കേണ്ടതുണ്ട്. പൊതുസമൂഹത്തിൽ ഇടപെടുന്ന ശക്തമായ മാധ്യമം എന്ന നിലയിൽ സിനിമ ഇതിനൊരു ഉപാധി ആകേണ്ടതുണ്ട്. ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട സാമൂഹിക അവബോധം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നടപ്പാക്കാനുദ്ദേശിക്കുന്ന പരിപാടികളിലൊന്നാണ് ഷോർട്ട് ഫിലിം തെരഞ്ഞെടുപ്പും അതിന്റെ പ്രദർശനവും. താഴെ നൽകിയിട്ടുള്ള നിബന്ധനകൾ പാലിക്കുന്ന ചിത്രങ്ങൾ മാത്രമാണ് എസ്.എസ്.കെ തെരഞ്ഞെടുക്കുക. തെരഞ്ഞെടുക്കപ്പെടുന്ന ചിത്രങ്ങൾക്ക് ഉചിതമായ സമ്മാനങ്ങൾ നൽകുന്നതാണ്.

<u>നിബന്ധനകൾ</u>

1) ഭിന്നശേഷി മേഖലയുമായി ബന്ധപ്പെട്ട വിഷയങ്ങൾ (മനുഷ്യാവകാശം, സാമൂഹികാവസ്ഥകൾ, വിദ്യാഭ്യാസം, നിയമ നിർമാണം മുതലായവ) ആവണം സിനിമയുടെ പ്രമേയം.
2) രണ്ട് മിനിട്ടിൽ കുറയാത്തതും ഏഴ് മിനിട്ടിൽ അധികരിക്കാത്തതുമാവണം സമയ ദൈർഘ്യം.
3) മലയാളം മാധ്യമത്തിൽ ഇംഗ്ലീഷ് സബ് ടൈറ്റിലോടുകൂടിയുള്ളതാകണം തെരഞ്ഞെടുപ്പിനായി സമർപ്പിക്കുന്ന ഷോർട്ട് ഫിലിമുകൾ.

4) ഒന്നാംസമ്മാനമായി 25,000/- രൂപയും പ്രശസ്തി പത്രവും രണ്ടാം സമ്മാനമായി 20,000/- രൂപയും പ്രശസ്തി പത്രവും മൂന്നാം സമ്മാനമായി 15,000/- രൂപയും പ്രശസ്തി പത്രവും നൽകാവുന്നതാണ്. വ്യക്തികൾ, കൂട്ടായ്മകൾ, സംഘടനകൾ, ഫിലിം സൊസൈറ്റികൾ തുടങ്ങി ആർക്കും ഷോർട്ട് ഫിലിം മത്സരത്തിൽ പങ്കെടുക്കാവുന്നതാണ്. തെരഞ്ഞെടുക്കപ്പെടുന്ന സിനിമകൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെ നേതൃത്വത്തിൽ വ്യാപകമായി സാമൂഹ്യ അവബോധത്തിനായി പ്രയോജനപ്പെടുത്തുന്നതാണ്. തെരഞ്ഞെടുപ്പിനായി സിനിമകൾ 9.12.2022 നു മുൻപായി സമർപ്പിക്കേണ്ടതാണ്.
5) യു.ട്യൂബ് ചാനലിൽ പ്രൈവറ്റ് മോഡിൽ അപ്‌ലോഡ് ചെയ്ത ശേഷം iesskfilm@gmail.com എന്ന മെയിലിലേക്ക് ലിങ്ക് ഷെയർ ചെയ്യേണ്ടതാണ്. ഇതോടൊപ്പം സിനിമയെ സംബന്ധിച്ച വിശദാംശങ്ങൾ ഒരു പേജിൽ അധികരിക്കാതെ പി.ഡി.എഫ് ഫോർമാറ്റിൽ നൽകേണ്ടതാണ്.

സമഗ്ര ശിക്ഷാ കേരളം 2022 ലോക ഭിന്നശേഷി ദിനമായ ഡിസംബർ 3 ലെ ലോക ഭിന്നശേഷി ദിനാചരണവും തുടർപ്രചാരണവുമായി ബന്ധപ്പെട്ട് സംഘടിപ്പിക്കുന്ന ഹ്രസ്വ ചിത്ര മത്സരത്തിലേക്ക് എൻട്രികൾ ലഭ്യമാക്കുന്നതിന് എല്ലാ മേഖലയിൽ നിന്നുമുള്ള പ്രചരണവും അറിയിപ്പും ആവശ്യമാണ്. അങ്ങയുടെ സ്ഥാപനം, അതിന്റെ മാധ്യമ ശൃംഖലകൾ, വെബ്സൈറ്റ്, സോഷ്യൽ മീഡിയ അക്കൗണ്ടുകൾ എന്നിവ വഴി പരമാവധി അറിയിപ്പുകൾ നൽകി പ്രചരണം ഉറപ്പു വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പ്രോജക്ട്ഡയറക്ടർക്കുവേണ്ടി